1. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണസമിതി അധികാരം ഏറ്റെടുക്കരുതെന്ന് ഇടക്കാല ഉത്തരവ് നല്കി.

2. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി 31-5-2003 വരെ പുതിയ അംഗങ്ങളെ ചേർക്കുന്നത് തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് നല്കി.

3. ഇടുക്കി ജില്ലയിലെ തുടങ്ങനാട് സർവീസ് സഹകരണ ബാങ്കിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ അധികാരം ഏടുക്കുന്നത് തടഞ്ഞുകൊണ്ടും ഇടക്കാല ഉത്തരവ് നല്കി.

4. ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറെ ജൂനിയർ ക്ലാർക്കായി തരംതാഴ്ത്തൽ നടപടി മറ്റൊരുത്തരവ് ഉണ്ടാകുന്നതുവരെ തടഞ്ഞു കൊണ്ട് ഇടക്കാല ഉത്തരവ് നല്കി.

(എഫ്) പാലക്കാട്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ, കുട്ടനങ്ങാട് സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭരണ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച കേസ്സുകളിൽ ഹൈക്കോടതി ഇടപെട്ടിട്ടുണ്ട്.

(ജി) പാലക്കാട്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ, തുടങ്ങാനാട് സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ കേസ്സുകളിൽ.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ

103 (4263) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സഹായിക്കാൻ എന്തു പദ്ധതിയാണ് ഇന്ന് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 13-3-1995-ലെ ജി.ഒ. (എം.എസ്.) 41/95 സഹ. ഉത്തരവു പ്രകാരമുള്ള പുനരുദ്ധാരണ പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം പദ്ധതി അടങ്കലിന്റെ 65% സാമ്പത്തിക സഹായം സർക്കാർ അനുവദിക്കുന്നതാണ്. ഇതു കൂടാതെ 3-7-2000-ലെ ജി.ഒ. (പി) 108/2000/സഹ. ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ള സഹകരണ ക്ഷേമ വികസന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly